# സ്വനലേഖ

സന്തോഷ് തോട്ടിങ്ങൽ


SCIM(Smart Common Input Method) ഗ്നു/ലിനക്സ് പ്രവർത്തകസംവിധാനത്തിലെ ഒരു പ്രധാന നിവേശകരീതി(Input method) ആണ്. സ്വനലേഖ ഉപയോഗിച്ച് ഉപയോക്താവ് എഴുതേണ്ടതു് മംഗ്ളീഷിലാണ്. അതായതു് "സരിഗമപധനിസ" എന്നെഴുതാൻ "sarigamapadhanisa" എന്ന് ടൈപ്പ് ചെയ്യുന്നു.

## സജ്ജീകരണം

നിങ്ങളുടെ കമ്പ്യൂട്ടറിൽ SCIM ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടായിരിക്കണം. Debian GNU/Linux ഇൽ അല്ലെങ്കിൽ ഉബുണ്ടുവിൽ ഇതിനായി ചെയ്യേണ്ടതു് ഇത്ര മാത്രം : #sudo apt-get install scim scim-tables-additional scim-bridge scim-gtk2-immodule
സ്വനലേഖ ഇൻസ്റ്റാൾ ചെയ്യാൻ സോഴ്സ്കോഡ് ഇരിക്കുന്ന ഫോൾദറിൽ പോകുക. അതിനുശേഷം
#make
#sudo make install
/etc/environment എന്ന ഫയലിലേക്ക് export GTK_IM_MODULE="scim-bridge" എന്ന വരി ചേർക്കുക. ഇൻസ്റ്റാൾ ചെയ്തു ശേഷം കമ്പ്യൂട്ടർ വീണ്ടും തുടങ്ങുക. അല്ലെങ്കിൽ എക്സ് സെർവർ വീണ്ടും തുടങ്ങുക(Alt+Ctl+Backspace).

## ഉപയോഗം

SCIM സപ്പോർട്ട് ചെയ്യുന്ന ഏതെങ്കിലും ടെക്സ്റ്റ് എഡിറ്റർ തുറക്കുക. ഉദാ:- gedit പാനലിലുള്ള SCIM ഐക്കണിൽ റൈറ്റ് ക്ലിക്ക് ചെയ്യുക. താഴെ കൊടുത്തിരിക്കുന്ന പടം ശ്രദ്ധിക്കുക.




SCIM ഭാഷകളുടെ പട്ടികയിൽ നിന്നും മലയാളം -> സ്വനലേഖ തിരഞ്ഞെടുക്കുക. അതിനു ശേഷം ടൈപ്പ് ചെയ്തു തുടങ്ങുക. ഓരോ അക്ഷരത്തിന്റെയും ഇംഗ്ളീഷ് അക്ഷരശ്രേണി എന്തെന്നറിയാൻ താഴെകൊടുത്തിരിക്കുന്ന പട്ടിക നോക്കുക.

| | | | | | | | |
|---|---|---|---|---|---|---|---|
| *സ്വരങ്ങൾ* | | | | | | | |
| അ | ആ | ഇ | ഈ | ഉ | ഊ | ഋ | ഌ |
| a | aa A | i | ii I ee | u | uu U oo | RR rr | l^^ |
| | ◌ാ | ◌ി | ◌ീ | ◌ു | ◌ൂ | ◌ൃ | |
| എ | ഏ | ഐ | ഒ | ഓ | ഔ | അം | അഃ |
| e | E | ai ei | o | O | au ou | am~ aM am_ | aH |
| ◌െ | ◌േ | ◌ൈ | ◌ൊ | ◌ോ | ◌ൗ ◌ൌ | ◌ം | ◌ഃ |
| *വ്യഞ്ജനങ്ങൾ* | | | | | | | |
| ക | ഖ | ഗ | ഘ | ങ്ങ ങ | | ങ്ക | ന്റെ |
| k c | kh K | g | gh G | ng Ng | | nk | nte |
| ച | ഛ | ജ | ഝ | ഞ | | റ്റ | ക്ഷ |
| ch | Ch chh | j | jh J | nj | | TT | x |
| ട | ഠ | ഡ | ഢ | ണ | | ക്യു | വൈ |
| t | T | D | Dh | N | | q | Y |

| | | | | | | | |
|---|---|---|---|---|---|---|---|
| ത | ഥ | ദ | ധ | ന | | ക്യ | ഞ്ച |
| th | thh Th | d | dh | n | | Q | nch |
| പ | ഫ | ബ | ഭ | മ | | ZWNJ | |
| p | f ph | b | bh B | m | | ~ or _ | |
| യ | ര | ല | വ | ശ | ഷ | സ | ഹ |
| y | r | l | v w | S z | sh | s | h |
| ള | ഴ | റ | | | | | |
| L | zh Sh | R | | | | | |
| *ചില്ലുകൾ* | | | | | | | |
| ൻ | ൺ | ൽ | ൾ | ർ | | | |
| n~ n_ | N~ N_ | l~ l_ | L~ L_ | r~ R~ r_ R_ | | | |

## ഉദാഹരണങ്ങൾ

| | |
|---|---|
| മലയാളം എന്റെ മാതൃഭാഷ | malayaaLaM ente maathRbhaasha അല്ലെങ്കിൽ malayAlam~ ente mAthRBAsha അല്ലെങ്കിൽ malayaaLam_ ente mAthRBAsha |
| സരിഗമപധനി | sarigamapadhani |
| പൊൻപീലി | pon~piili അല്ലെങ്കിൽ pon_plli അല്ലെങ്കിൽ pon~peeli |
| ധ്വനി | dhvani അല്ലെങ്കിൽ dhwani |
| വെണ്ണയുണ്ടെങ്കിൽ നറുനെയ് വേറിട്ടു കരുതേണമോ | vidyayuNtenkil naRuney vERitt karuthENamO |
| വിദ്യാധനം സർവ്വധനാൽ പ്രധാനം | vidyaadhanam~ sar~vvadhanaal~ pradhaanam~ |
| അരവിന്ദിന്റെ അച്ഛൻ | aravindinte achChan~ |
| ഇന്ത്യ എന്റെ രാജ്യം | inthya ente raajyam~ |
| അവൻ മുറ്റത്ത് ഉലാത്തി | avan~ muTTathth ulaaththi |
| മകം പിറന്ന മങ്ക | makam~ piRanna manka |
| പ്രകൃതി കുസൃതി കാണിച്ചു | prakRthi kusRthi kaaNichchu |
| പാലക്കാടൻകാറ്റ് പനകളെ തഴുകിയുണർത്തി | paalakkaatan~kaaTT pankaLe thazhukiyuNar~ththi അല്ലെങ്കിൽ pAlakkAtan~kATT pankaLe thazhukiyuNaR~ththi |
| നിളയിൽ കുഞ്ഞോളങ്ങൾ ചാഞ്ചാടി | niLayil~ kunjnjOLangngaL~ chaanchaati |
| പഞ്ചസാര മണൽത്തരികൾ വെട്ടിത്തിളങ്ങി | panchasaara maNal~ththarikaL~ vettiththiLangi |
| ദൈവത്തിന്റെ വികൃതികൾ | daivaththinte vikRthikaL~ |
| അക്ഷരം | axaraM |
| പ്രത്യേകം ശ്രദ്ധിക്കുക | prathy~Ekam~ Sraddhikkuka |
| സമ്പ്രദായം | sampradaayam~ |
| അഞ്ജനമിട്ട സന്ധ്യ | anjjanamitta sandhya |
| ജ്ഞാനപ്പാന | jnjaanappaana |
| ീ എന്നത് ഈ എന്ന സ്വരത്തിന്റെ ചിഹ്നമാണ് | @ee ennath ee enna swarathinte chihnamaaN |
| ക്യ പാലിക്കുക | Q paalikkuka |
| വൈകുന്നേരത്ത് | YkunErathth അല്ലെങ്കിൽ vaikunnEraththth |
| തു് എന്നതു് ത് എന്നതിന്റെ സംവൃതോകാരം ഉള്ള രൂപം | thu^ ennathu^ th ennathinte sam~vRthOkaaram~ uLLa roopamaaNu^ അല്ലെങ്കിൽ th2 ennath2 th ennathinte sam2vRthOkaram2 uLLa roopam. |

## മലയാളത്തിലും ഇംഗ്ളീഷിലും മാറി മാറി എഴുതാൻ

മലയാളം ടൈപ്പ് ചെയ്തു ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ ഇംഗ്ളീഷ് ടൈപ്പ് ചെയ്യണമെങ്കിൽ Ml എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോഴതു് En എന്നായി മാറുന്നു. താഴെകൊടുത്തിരിക്കുന്ന ചിത്രങ്ങൾ ശ്രദ്ധിക്കുക.

മലയാളം: 


ഇംഗ്ളീഷ് : 


വീണ്ടും മലയാളത്തിലേയ്ക്ക് മാറാൻ En എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. ഇതല്ലാതെ CTRL+Space എന്ന ഷോർട്ട് കട്ട് കീയും ഉപയോഗിയ്ക്കാവുന്നതാണ്

## സൂചനാപ്പട്ടിക (Lookup table)

സ്വനലേഖയ്ക്ക് ഉപയോക്താവ് എഴുതിക്കൊണ്ടിരിക്കുമ്പോള്‍ സൂചനകള്‍ കൊടുക്കാന്‍ കഴിയും. ഇത് മലയാളം വളരെപ്പെട്ടെന്ന് തെറ്റ് കൂടാതെ എഴുതാന്‍ സഹായിക്കുന്നു. ചില്ലക്ഷരങ്ങള്‍, കൂട്ടക്ഷരങ്ങള്‍ എന്നിവ എഴുതുമ്പോള്‍ ഇത് വളരെ ഫലപ്രദമാണ്. മലയാളികളുടെ സവിശേഷമായ മംഗ്ലീഷ് ഉപയോഗത്തിന്റെ അടിസ്ഥാനത്തിലാണ് ഇതു രൂപകല്പനചെയ്തിരിക്കുന്നത്.

ഉദാഹരണത്തിന് അടിപൊളി എന്നെഴുതാന്‍ പലപ്പോഴും നാം ഉപയോഗിക്കുന്നത് adipoli എന്നാണ്. പക്ഷെ സ്വനലേഖ യിലതെഴുതുന്നത് atipoLi എന്നാണല്ലൊ?. ചിലര്‍ക്കെങ്കിലുമുണ്ടാകുന്ന ഈ തടസ്സം ഒഴിവാക്കുന്നതിന് സൂചനാപ്പട്ടിക ഉപകരിക്കും. adipoli എന്നെഴുതിക്കൊണ്ടിരിക്കുമ്പോള്‍ di എന്നെഴുതുമ്പോള്‍ സൂചനാപ്പട്ടിക ദി എന്നും ടി എന്നും 2 സൂചനകള്‍ നല്‍കുന്നു. അതുപോലെ ളി എന്നതിനുവേണ്ടി Li ക്കുപകരം li എന്നെഴുതുമ്പോള്‍ പട്ടിക ലി എന്നും ളി എന്നും 2 സൂചനകള്‍ നല്കുന്നു.

ഇതിന്റെ വേറൊരു ഉപയോഗം പേരുകളുടെ കൂടെയുള്ള initials എഴുതുമ്പോള്‍ ആണ്. ഉദാഹരണത്തിന് ലീല പി കെ എന്നെഴുതാന്‍ ശരിക്കും ഉപയോഗിക്കേണ്ടത് leela pi ke എന്നാണ്. പക്ഷെ നാം leela p k എന്നു തന്നെ എഴുതാന്‍ ഇഷ്ടപ്പെടുന്നു. നാം P അല്ലെങ്കില്‍ p എന്നെഴുതുമ്പോള്‍ സൂചനാപ്പട്ടിക പി എന്നൊരു സൂചനകൂടി തരും!.

കെ എസ് ആര്‍ ടി സി എന്നെഴുതാന്‍ K S R T C തന്നെ ഉപയോഗിക്കണമെന്നുണ്ടോ? സൂചനാപ്പട്ടികയുടെ സഹായത്തോടെ നിങ്ങള്‍ക്ക് K S R T C എന്നു തന്നെ എഴുതാം. എഴുതുന്നതിനിടയില്‍ അതിനു താഴെ പ്രത്യക്ഷപ്പെടുന്ന സൂചനാപ്പട്ടികയില്‍ നിന്നും വേണ്ട അക്ഷരങ്ങള്‍ തിരഞ്ഞെടുക്കാം. ഉദാഹരണത്തിന് ആണി എന്നു എഴുതാന്‍ നാം ANi എന്നതിനു പകരം Ani എന്നെഴുതിയെന്നിരിക്കട്ടെ. ni എന്നെഴുതുമ്പോള്‍ സൂചനാപ്പട്ടിക പ്രത്യക്ഷമാകുന്നു. ണി എന്നും നി എന്നുമുള്ള 2 സൂചനകള്‍ നല്‍കുന്നു. ഇതില്‍ ണി എന്നു തിരഞ്ഞെടുക്കാന്‍ ആരോ കീകള്‍(Arro keys) ഉപയോഗിക്കാം. അല്ലെങ്കില്‍ സൂചനയുടെ കൂടെയുള്ള അക്കം തിരഞ്ഞെടുക്കാം.

താഴെകൊടുത്തിരിക്കുന്ന ചിത്രങ്ങള്‍ ശ്രദ്ധിക്കുക.



ചില വാക്കുകളെഴുതുമ്പോള്‍ കൂട്ടക്ഷരം ഒഴിവാക്കേണ്ടി വരാറുണ്ട്. ഉദാ:- thamizhnaat= തമിഴ്നാട്.

ഇവിടെയും ~ ഉപയോഗിച്ച് പ്രശ്നം പരിഹരിക്കാം . thamizh~naat=തമിഴ്‌നാട്

## പിഴവുകളും നിര്‍ദ്ദേശങ്ങളും

നിങ്ങളുടെ അഭിപ്രായങ്ങളും നിര്‍ദ്ദേശങ്ങളും താഴെ കൊടുത്തിരിക്കുന്ന ഇ-മെയില്‍ വിലാസത്തില്‍ അയക്കുക.
സന്തോഷ് തോട്ടിങ്ങല്‍ santhosh.thottingal@gmail.com

## പകര്‍പ്പവകാശം

സ്വനലേഖ GPL(GNU General Public License) പതിപ്പ് 2 ഓ അല്ലെങ്കില്‍ അതിന്റെ ഏതെങ്കിലും പുതിയ പതിപ്പിനാലോ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

## കടപ്പാട്

സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ് കൂട്ടുകാര്‍

---

*"എന്റെ കമ്പ്യൂട്ടറിന് എന്റെ ഭാഷ"*
ഒരു സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ് സംരംഭം.